# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.06.2025** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. അഹമ്മദാബാദിലെ എയർ ഇന്ത്യ വിമാന അപകടത്തിൽ അന്വേഷണം ആരംഭിച്ച് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ.

   **Aircraft accident investigation Bureau Launches Probe into Air India aircraft incident in Ahmedabad.**

2. അഹമ്മദാബാദ് ദുരന്തത്തിൽ വിമാനത്തിലുണ്ടായിരുന്ന 241 പേർ മരിച്ചതായി സ്ഥിരീകരണം. മരിച്ചവരിൽ ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയും. ഒരാൾ പരിക്കുകളോടെ രക്ഷപെട്ടു.

   **241 Confirmed dead in Ahmedabad air crash; Former Gujarat CM Vijay Rupani among victims, One survivor.**

3. വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട സ്വദേശി രഞ്ജിതയുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ദുഃഖം രേഖപ്പെടുത്തി മുഖ്യമന്ത്രി പിണറായി വിജയൻ.

   **MoS Suresh Gopi assures swift repatriation of air crash victim Ranjitha's Body; CM Pinarayi Vijayan offers condolences.**

4. അഹമ്മദാബാദ് ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ഒരു കോടി രൂപ വീതം നൽകുമെന്ന് ടാറ്റ ഗ്രൂപ്പ്.

   **Tata group announces ₹1 Crore compensation for families of Ahmedabad crash victims.**

5. ISSF ഷൂട്ടിങ് ലോകകപ്പിൽ ഇന്ത്യയുടെ സിഫ്റ്റ് കൗർ സമരൊയ്ക്ക് വെങ്കലം.

   **India's Sift Kaur wins Bronze at ISSF shooting World Cup.**

&&&&&&&&&&&&&&&&&

HEADLINE-1

## REV. AIR INDIA CRASH

അഹമ്മദാബാദിലെ എയർ ഇന്ത്യ വിമാന അപകടത്തിൽ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷണം ആരംഭിച്ചു. അന്താരാഷ്ട്ര നിയമത്തിന് അനുസൃതമായിട്ടായിരിക്കും അന്വേഷണമെന്ന് വ്യോമയാന മന്ത്രി രാം മോഹൻ നായിഡു പറഞ്ഞു. വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി സർക്കാർ ഉന്നതതല സമിതി രൂപികരിക്കുമെന്നും അദ്ദേഹം അറിയിച്ചു. ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനും വ്യോമ സുരക്ഷ ഉറപ്പാക്കാനും സമിതി സഹായിക്കുമെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി.

*************************

HEADLINE-2

## FLIGHT CRASH DEATH

അഹമ്മദാബാദ് വിമാനാപകടത്തിൽ യാത്രക്കാരും ജീവനക്കാരും ഉൾപ്പടെ 241 പേർ മരിച്ചതായി എയർ ഇന്ത്യ സ്ഥിരീകരിച്ചു. 169 ഇന്ത്യൻ പൗരന്മാരും 53 ബ്രിട്ടീഷ് പൗരന്മാരും ഏഴ് പോർച്ചുഗീസ് പൗരന്മാരും ഒരു കനേഡിയൻ പൗരനും 12 ജീവനക്കാരുമാണ് അഹമ്മദാബാദിൽ നിന്ന് ലണ്ടനിലേക്ക് പോവുകയായിരുന്ന AI 171 വിമാനത്തിലുണ്ടായിരുന്നത്. ഗുജറാത്ത് മുൻ മുഖ്യമന്ത്രിയും ബിജെപി നേതാവുമായ വിജയ് രൂപാണിയും മരിച്ചവരിൽ ഉൾപ്പെടുന്നു. അപകടത്തിൽ നിന്നും പരിക്കുകളോടെ രക്ഷപെട്ട വിശ്വാസ് കുമാർ രമേശ് എന്ന യാത്രക്കാരൻ ചികിത്സയിൽ കഴിയുകയാണ്. വിമാനം തകർന്നു വീണ പ്രദേശത്തുണ്ടായിരുന്ന ഇരുപതിലേറെ പേർക്കും ജീവൻ നഷ്ടമായി. ഇവരിൽ നാലു പേർ എംബിബിഎസ് വിദ്യാർത്ഥികളാണ്. ഉച്ചയ്ക്ക് 1.38 ന് പറന്നുയർന്ന ഉടൻ തന്നെ വിമാനത്തിന്റെ പൈലറ്റ് അടിയന്തര സന്ദേശം നൽകിയിരുന്നു. പിന്നാലെ വിമാനത്താവളത്തിന് പുറത്ത്

വിമാനം തകർന്നു വീഴുകയായിരുന്നു. എയർ ഇന്ത്യ വിമാനാപകടത്തെത്തുടർന്ന് ഇന്നലെ ബോയിംഗിന്റെ ഓഹരികൾ 4 ശതമാനത്തിലധികം ഇടിഞ്ഞു. 2014 ൽ എയർ ഇന്ത്യയ്ക്ക് കൈമാറിയ ബോയിംഗ് 787-8 ഡ്രീംലൈനർ ആയിരുന്നു അപകടത്തിൽപ്പെട്ട വിമാനം.

*************************

**HEADLINE-3**

## FLIGHT CRASH-MALAYALI

വിമാനാപകടത്തിൽ മരിച്ചവരിൽ മലയാളിയും. പത്തനംതിട്ട പുല്ലാട്ട് സ്വദേശി രഞ്ജിത ഗോപകുമാരൻ നായരാണ് വിമാനദുരന്തത്തിൽ മരിച്ചത്. ലണ്ടനിൽ നഴ്സായി ജോലി ചെയ്തിരുന്ന രഞ്ജിത, അവധിക്ക് ശേഷം മടങ്ങുമ്പോഴാണ് അപകടത്തിൽപ്പെട്ടത്. രഞ്ജിതയുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അറിയിച്ചു. രഞ്ജിതയുടെ വീട്ടിലെത്തിയ അദ്ദേഹം ബന്ധുക്കളുമായി സംസാരിച്ചു. മൃതദേഹം വിട്ട് കിട്ടുന്നതിനായി രഞ്ജിതയുടെ സഹോദരൻ ഇന്ന് ഗുജറാത്തിലേക്ക് തിരിക്കും.

*************************

## AMIT SHAH (INTRO)

അഹമ്മദാബാദിൽ വിമാന അപകടം നടന്ന പ്രദേശം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്നലെ സന്ദർശിച്ചു. വ്യോമയാന മന്ത്രി രാം മോഹൻ നായിഡു, ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി അദ്ദേഹം സംസാരിച്ചു. ദൗർഭാഗ്യകരമായ സംഭവത്തിൽ രാജ്യം ദുരന്തബാധിതരുടെ കുടുംബങ്ങൾക്ക് ഒപ്പമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഡിഎൻഎ സാമ്പിൾ പരിശോധന രണ്ട് മൂന്ന് ദിവസത്തിനുള്ളിൽ പൂർത്തിയാകുമെന്നും ശ്രീ ഷാ അറിയിച്ചു.

(ഹോൾഡ് വോയ്സ്.......)

അഹമ്മദാബാദ് സിവിൽ ആശുപത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രി സന്ദർശിച്ചു. ആശുപത്രിയിലെ ക്രമീകരണങ്ങൾ പരിശോധിച്ച അദ്ദേഹം അടിയന്തര പരിചരണത്തിന് മേൽനോട്ടം വഹിക്കുന്ന ഡോക്ടർമാരുമായും ഉദ്യോഗസ്ഥരുമായും സംസാരിച്ചു.

*************************

**HEADLINE-4**

## FLIGHT CRASH - TATA GROUP

അഹമ്മദാബാദ് വിമാന അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ഒരു കോടി രൂപ വീതം നൽകുമെന്ന് ടാറ്റ ഗ്രൂപ്പ് ചെയർമാൻ എൻ ചന്ദ്രശേഖരൻ. പരിക്കേറ്റവരുടെ ചികിത്സാ ചെലവുകൾ ടാറ്റ ഗ്രൂപ്പ് വഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. ബിജെ മെഡിക്കൽ കോളേജിൽ തകർന്ന ഹോസ്റ്റലിനു പകരം പുതിയത് നിർമ്മിക്കുന്നതിനും ടാറ്റ ഗ്രൂപ്പ് സഹായം നൽകുമെന്ന് ശ്രീ ചന്ദ്രശേഖരൻ അറിയിച്ചു.

*************************

## FLIGHT CRASH CONDOLENCES

അഹമ്മദാബാദ് വിമാന അപകടത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ, സംസ്ഥാന മുഖ്യമന്ത്രിമാർ തുടങ്ങിയവർ അതീവ ദു:ഖം രേഖപ്പെടുത്തി. രാജ്യം ദുരന്തബാധിതർക്കൊപ്പം നിലകൊള്ളുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു അനുശോചന സന്ദേശത്തിൽ കുറിച്ചു. ഹൃദയഭേദകമായ ദുരന്തമാണ് അഹമ്മദാബാദിൽ സംഭവിച്ചതെന്നും എല്ലാ അടിയന്തര സഹായവും ഉറപ്പ് വരുത്തുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി, കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ തുടങ്ങിയവരും അനുശോചനം രേഖപ്പെടുത്തി. സംഭവം ഏറെ

വേദനാജനകമാണെന്നും വിമാന ദുരന്തത്തിൽ ഉറ്റവരെ നഷ്ടപ്പെട്ടവരുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

*************************

## CONDOLENCES - WORLD LEADERS

അഹമ്മദാബാദ് വിമാന അപകടത്തിൽ അനുശോചനം അറിയിച്ച് ലോകനേതാക്കളും. ദാരുണമായ അപകടമാണുണ്ടായതെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. മാലിദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസു കേന്ദ്ര സർക്കാരിനും ജനങ്ങൾക്കും ഐക്യദാർഢ്യം അറിയിച്ചു. ദുരന്തത്തിൽ കാനഡ അതീവ ദുഃഖം രേഖപ്പെടുത്തുന്നതായി പ്രധാനമന്ത്രി മാർക്ക് കാർണി പറഞ്ഞു. ദുഖത്തിന്റെ ഈ വേളയിൽ ഇന്ത്യയിലെ ജനങ്ങളോടൊപ്പം നിലകൊള്ളുന്നതായി യൂറോപ്യൻ യൂണിയൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലൈെൻ അറിയിച്ചു. ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ ആസ്ഥാനത്ത് പതാക പകുതി താഴ്ത്തിക്കെട്ടി. അപകടത്തിൽ യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് അനുശോചനം രേഖപ്പെടുത്തി. പ്രതിസന്ധി ഘട്ടത്തിൽ ദുരന്തബാധിതർക്കും കുടുംബങ്ങൾക്കും എല്ലാ പിന്തുണയും ഉറപ്പ് നൽകുന്നതായി യുകെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ പറഞ്ഞു. യുക്രൈൻ പ്രസിഡന്റ് , ഓസ്ട്രേലിയൻ പ്രധാനമന്ത്രി , ഫ്രഞ്ച് പ്രസിഡന്റ്, സിംഗപ്പൂർ പ്രധാനമന്ത്രി തുടങ്ങിയവർ വിമാനാപകടത്തിൽ ദുഃഖം രേഖപ്പെടുത്തി.

*************************

## HELP LINE NUMBER

അപകടവുമായി ബന്ധപ്പെട്ട വിവരങ്ങൾക്കായി എയർ ഇന്ത്യയുടെ 18 00 56 91 444 എന്ന പാസഞ്ചർ ഹോട്ട്ലൈൻ

നമ്പറിൽ ബന്ധപ്പെടാം. അഹമ്മദാബാദ് വിമാനത്താവളത്തിലും 99 74 11 13 27 എന്ന നമ്പരിൽ ഹെൽപ്പ്ലൈൻ സംവിധാനം ഒരുക്കിയിരുന്നു. കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം സജ്ജീകരിച്ച 011-24 61 08 43, 96 50 39 18 59 എന്നീ കൺട്രോൾ റൂം നമ്പറുകളിലും വിവരങ്ങൾ ലഭ്യമാണ്.

**************************

## CM-LETTER

2005 ലെ ദേശീയ ദുരന്ത നിവാരണ നിയമത്തിൽ നിന്നും 13-ാം വകുപ്പ് ഒഴിവാക്കി നിയമം ഭേദഗതി ചെയ്യതിനെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രിക്ക് കത്തയച്ചു. ഈ വകുപ്പ് നീക്കം ചെയ്യുന്നത് പ്രകൃതിദുരന്തങ്ങൾക്ക് ഇരയായവരെ കൂടുതൽ ദുരിതത്തിലാക്കുമെന്ന് മുഖ്യമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി. വിഷയത്തിൽ പ്രധാനമന്ത്രി അടിയന്തരമായി ഇടപെടണമെന്നും, 13-ാം വകുപ്പ് പുനഃസ്ഥാപിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ വായ്പ എഴുതിത്തള്ളാൻ ഇതുമൂലം സാധിക്കില്ലെന്ന് ഹൈക്കോടതിയിൽ കേന്ദ്ര സർക്കാർ സത്യവാങ്മൂലം നൽകിയിരുന്നു.

**************************

## NILAMBUR-BYELECTION

ഈ മാസം 19 ന് ഉപതിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന നിലമ്പൂരിൽ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. അഹമ്മദാബാദ് അപകടത്തിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധിയുടെ പ്രചാരണ പരിപാടികൾ ഞായറാഴ്ചയിലേക്ക് മാറ്റിവച്ചു. എൽഡിഎഫ് സ്ഥാനാർഥി എം സ്വരാജിന്റെ പ്രചാരണപരിപാടികൾക്കായി

മുഖ്യമന്ത്രിയും മുതിർന്ന പാർട്ടി നേതാവുമായ പിണറായി വിജയൻ ഇന്ന് മുതൽ മൂന്ന് ദിവസം നിലമ്പൂരിലുണ്ടാകും. എൻ ഡി എ സ്ഥാനാർഥി മോഹൻ ജോർജും സ്വതന്ത്ര സ്ഥാനാർഥി പി.വി.അൻവറും പ്രചാരണ രംഗത്ത് സജീവമാണ്.

*************************

## MEA-BRIEFING (INTRO)

ജി7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയും തമ്മിലുള്ള കൂടിക്കാഴ്ചയിൽ ഉഭയകക്ഷി-ആഗോള വിഷയങ്ങളിലെ കാഴ്ചപ്പാടുകൾ പങ്കിടുമെന്ന് വിദേശകാര്യ മന്ത്രാലയം. ജനാധിപത്യ മൂല്യങ്ങൾക്ക് വലിയ പ്രധാന്യം നൽകുന്ന രാജ്യങ്ങളാണ് ഇന്ത്യയും കാനഡയുമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. അപൂർവ ഭൗമ ലോഹങ്ങളുടെ കയറ്റുമതിയിൽ ചൈന നിയന്ത്രണം ഏർപ്പെടുത്തിയ വിഷയത്തിൽ ചൈനീസ് സർക്കാരുമായി ചർച്ച നടത്തിവരികയാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്...........)

*************************

**HEADLINE-5**

## ISSF WORLD CUP

ISSF ലോകകപ്പിൽ ഇന്ത്യൻ ഷൂട്ടർ സിഫ്റ്റ് കൗർ സമരയ്ക്ക് വെങ്കലം. ജർമ്മനിയിൽ ഇന്നലെ നടന്ന മത്സരത്തിൽ വനിതകളുടെ 50 മീറ്ററിലാണ് മെഡൽ നേട്ടം. ലോകകപ്പിൽ ഇന്ത്യയുടെ രണ്ടാം മെഡൽ നേട്ടമാണ് ഇത്. നേരത്തെ വനിതകളുടെ 10 മീറ്റർ എയർ റൈഫിളിൽ ഇളവെയിൽ വാലരിവൻ വെങ്കലം നേടിയിരുന്നു.

## NT. CRICKET - WTC FINAL

ലോർഡ്സിൽ നടക്കുന്ന, ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിന്റെ, മൂന്നാം ദിനമായ ഇന്ന് ഓസ്ട്രേലിയ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിക്കും. ഇന്നലെ മത്സരം അവസാനിക്കുമ്പോൾ ഓസ്ട്രേലിയ 8 വിക്കറ്റിന് 144 റൺസ് എന്ന നിലയിലാണ്. നിലവിൽ ദക്ഷിണാഫ്രിക്കയേക്കാൾ 218 റൺസിന്റെ ലീഡാണ് ഓസ്ട്രേലിയയ്ക്കുള്ളത്.

*************************

## KOZHIKODE-SHIP

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട സിംഗപ്പൂർ കപ്പലിലെ തീ പൂർണമായും കെടുത്തുന്നതിനുള്ള ശ്രമം തുടരുന്നു. ഇന്നലെ രാത്രി വീണ്ടും തീപിടുത്തം ഉണ്ടായതായാണ് റിപ്പോർട്ട്.

*

*************

************************************